LIBRARY ARCHIVES Kerala Legislative Assembly

അഞ്ച് ദിവസം ഓരോ ജീവനക്കാർ പ്രത്യേകം പ്രത്യേകം സന്ദർശനം നടത്തി വേണ്ടസേവനങ്ങൾ നൽകിവരുന്നു. തിങ്കളാഴ്ച ദിവസങ്ങളിൽ എസ്.ടി. പ്രൊമോട്ടർ, ചൊവ്വ - അംഗൻവാടി ടീച്ചർ, ബുധൻ - കുടുംബശ്രീ ആനിമേറ്റർ, വെള്ളി - ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ശനി - ആശാവർക്കർ എന്നീ തരത്തിലാണ് നിരീക്ഷിക്കുന്നത്.

4. ഒറ്റപ്പാലം സബ്കളക്ടറുടെ അദ്ധ്യക്ഷതയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ക്രോഡീകരണത്തിനും മോണിറ്ററിംഗിനുമായി ചുമതലപ്പെടുത്തി. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ എം.പി., എം.എൽ.എ.മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ വകുപ്പുകളുടെ പ്രതിനിധികൾ എന്നിവർ മാസം തോറും യോഗം ചേർന്ന് പ്രവർത്തനങ്ങളുടെ ഏകോപനവും മോണിറ്ററിംഗും നടത്തിവരുന്നു.

5. ആരോഗ്യ വകുപ്പിന്റെ അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ റാങ്കിലുള്ള ഡോ. പ്രേമദാസിനെ നോഡൽ ഓഫീസറായും കോട്ടത്തറ ആശുപത്രിയുടെ സൂപ്രണ്ടായും നിയമിച്ചു.

(സി) കോട്ടത്തറ ആശുപത്രിയിലെ വിവിധ വിഭാഗം ജീവനക്കാരുടെ നിലവിലെ തസ്തികകളെക്കുറിച്ചും ഒഴിവുകളെക്കുറിച്ചും അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.എച്ച്.എം.വഴിയും എച്ച്.എം.സി.വഴിയും നിയമിച്ച ജീവനക്കാരുടെ വിശദ വിവരങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പച്ചക്കറികളിൽ കീടനാശിനിയുടെ അംശം

**98 (790)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പാദിപ്പിക്കുന്നതും അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുമായ പച്ചക്കറികളിൽ മാരകമായ കീടനാശിനികളുടെ അംശം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ അംശം കണ്ടെത്തുന്നതിനും അത്തരം പച്ചക്കറികൾ വില്പനക്കെത്തിക്കുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പഴങ്ങൾ രാസവസ്തുക്കൾ ഉപയോഗിച്ച് കൃത്രിമമായി പഴുപ്പിക്കുന്നതിനെതിരെ സ്വീകരിച്ചതുപോലുള്ള നടപടി പച്ചക്കറികളിലെ കീടനാശിനി പ്രയോഗത്തിലും സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(ഡി) ക്യാൻസർ, വൃക്കരോഗം എന്നിവ വർദ്ധിച്ചുവരുന്നതിനുള്ള കാരണം ഇത്തരത്തിൽ മാരകമായ വിഷാംശമുള്ള പച്ചക്കറികളുടെ ഉപയോഗം നിമിത്തമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം നല്കാമോ ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പച്ചക്കറികളിൽ കീടനാശിനികളുടെ അമിത ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടുകയും യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധന ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽകൂടി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ചചെയ്യാനും തീരുമാനിച്ചു. ഇതനുസരിച്ചുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്യസംസ്ഥാനങ്ങളിൽനിന്നുംവരുന്ന പച്ചക്കറികളിൽ കീടനാശിനികൾ പ്രയോഗിക്കുന്ന ഉറവിടം കണ്ടെത്താനും കർഷകരെ ബോധവൽക്കരിക്കുന്നതിനും വേണ്ടി അവിടെയുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരുമായും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാരുമായും ചർച്ച നടത്തി നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാവകുപ്പ് ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ വിഷയത്തെപ്പറ്റി പഠനം നടത്തിയിട്ടില്ല.

## എൻഡോസൾഫാൻ ദുരിതബാധിതർ

**99 (791)** <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ മുതലമടയിലെയും സമീപപഞ്ചായത്തുകളിലെയും എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി എന്തെല്ലാം പഠനങ്ങളാണ് സർക്കാർ നാളിതുവരെ നടത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) നിലവിൽ എത്രപേരാണ് എൻഡോസൾഫാൻ ബാധിതരായിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) കാസർഗോഡ് പരിശോധിച്ച വിദഗ്ധ ടീമിനെവച്ച് ഈ മേഖലയിൽ വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധന നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള ദുരിതബാധിതർക്ക് സഹായമെത്തിക്കുന്നതിന് എന്തെങ്കിലും പാക്കേജ് സർക്കാർ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സമഗ്ര പാക്കേജ് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 1-3-2011 -ലെ 224/2011 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്താൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ഒഴലപ്പതി, കൊല്ലങ്കോട്, ഷോളയൂർ, പുതൂർ, കുമരംപുത്തൂർ, അകത്തേത്തറ, നെല്ലിയാമ്പതി, വണ്ണാമല മേഖലകളിൽ 3-5-2011 മുതൽ 9-5-2011-വരെ ആരോഗ്യവകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്ന 142 പേരെയും ഇതിന്

LIBRARY ARCHIVES Kerala Legislative Assembly